## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1517 06.03.2020 ൽ മറുപടിക്ക്

## ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറുടെ ആനുകൂല്യങ്ങൾ

**ചോദ്യം** **മറുപടി**

**ശ്രീ.പി.ടി.എ. റഹീം** **ഡോ.കെ.ടി.ജലീൽ**

**(ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ മലയാളം വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി നിയമിക്കപ്പെട്ട ഡോ.റീന എ.എം. 2015 ജൂലൈ മുതൽ അടിസ്ഥാന ശമ്പളം മാത്രം ലഭിച്ചാണ് ജോലി ചെയ്തുവരുന്നതെന്ന വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഹൈക്കോടതിയുടെ 28-11-2019-ലെ 21431/2015 വിധിയിൽ ഇവരുൾപ്പെടെയുള്ളവർക്ക് ഒരു മാസത്തിനകം മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്ന് സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ഈ വിധിക്കെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിധി നടപ്പിലാക്കുന്നതിന് കാലതാമസം വരാനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ; | (സി) | പ്രസ്തുത കോടതിവിധിയ്ക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടില്ല. ടി കേസ്സിൽ ഉൾപ്പെട്ട പരാതിക്കാർക്ക് നിയമനം ലഭിച്ച തസ്തികയുടെ സാധുതയും ജോലിഭാരവും പരിശോധിച്ചു വരുന്നു. |
| (ഡി) | കോടതി വിധി സമയബന്ധിതമായി നടപ്പിൽ വരുത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; | (ഡി) & (ഇ) | ടി കേസ് കൈകാര്യം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പിന്റെ ഡി2/529/2019 നമ്പർ ഫയലിൽ ടി അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച വിവരങ്ങൾ, ജോലിഭാരം, തസ്തിക എന്നിവ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ/കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ - ൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ടി അദ്ധ്യാപകർക്ക് ശമ്പളം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കോടതിവിധി നിലവിലെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഇ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഡി2/529/2019 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ